**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 96** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഐ.ടി. മേഖലയിലെ തൊഴിൽചൂഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ബാധകമായ തൊഴിൽ നിയമങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിലുള്ളതും മറ്റ് തൊഴിൽ മേഖലകൾക്ക് ബാധകമായിട്ടുള്ളതുമായ ഫാക്ടറീസ് ആക്ട് 1948 ഒഴികെയുള്ള തൊഴിൽ നിയമങ്ങളെല്ലാം തന്നെ ഐ.ടി. മേഖലയ്ക്കും ബാധകമാണ്. പ്രസ്തുതനിയമങ്ങൾ ചുവടെ കൊടുക്കുന്നു.<br>(1) Payment of Wages Act 1936, (2) Kerala Shops & Commercial Establishment Act 1960, (3) Minimum Wages Act 1948, (4) Equal Remuneration Act 1976, (5) Maternity Benefit Act, 1961, (6) Kerala Industrial Establishment (National & Festival Holidays) Act, 1958 (Applicable to establishments employing 20 or more workers), (7) Industrial Disputes Act, 1947, (8) Payment of gratuity Act 1972 (Applicable to establishments employing 10 or more workers), (9) Payment of Bonus Act 1965 (Applicable to establishments employing 20 or more workers also with wage ceiling), (10) Contract Labour (Regulation & Abolition Act) 1970 (Applicable to establishments employing 20 or more workers) (11) Employees State Insurance Act, 1948 (Applicable to establishments employing 10 or more workers) (12) Employees Provident Funds and Miscellaneous Provisions Act, 1952 (Applicable to establishments employing 20 or more workers) (13) Kerala Payment of Subsistence allowance Act, 1972, (14) Employees Compensation Act 1923, (15) Industrial employment standing orders Act 1946. |

| | | | |
|---|---|---|---|
| (ബി) | പ്രത്യേക നിയമം ഇല്ലാത്തതിനാൽ കൂടുതൽ സമയം ജോലി ചെയ്യിക്കുന്നതടക്കമുള്ള ചൂഷണങ്ങൾ ഈ മേഖലയിൽ നടക്കുന്നു എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് നിലവിലുള്ളതും മറ്റ് തൊഴിൽ മേഖലകൾക്ക് ബാധകമായിട്ടുള്ളതുമായ തൊഴിൽ നിയമങ്ങളെല്ലാം തന്നെ ഐ.ടി. മേഖലയ്ക്കും ബാധകമായതിനാൽ ടി മേഖലക്കായി പ്രത്യേക തൊഴിൽ നിയമത്തിന്റെ ആവശ്യകതയില്ല. കൂടുതൽ സമയം ജോലി ചെയ്യിപ്പിക്കുന്നതടക്കമുള്ള തൊഴിൽ നിയമ ലംഘനങ്ങളുമായി ബന്ധപ്പെട്ട പരാതികളിൽ തൊഴിൽ വകുപ്പ് സമയോചിതമായി ഇടപെടലുകൾ നടത്തി പരാതികൾക്ക് പരിഹാരം കാണുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന സ്ഥാപന പരിശോധനകളിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരായും അത്തരം ചൂഷണങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | ഐ.ടി. മേഖലയിൽ നടക്കുന്ന തൊഴിൽ ചൂഷണം അവസാനിപ്പിക്കുന്നതിന് പ്രത്യേകമായ നിയമം കൊണ്ടുവരുമോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് നിലവിലുള്ളതും മറ്റ് തൊഴിൽ മേഖലകൾക്ക് ബാധകമായിട്ടുള്ളതുമായ തൊഴിൽ നിയമങ്ങളെല്ലാം തന്നെ ഐ.ടി. മേഖലയ്ക്കും ബാധകമാണ്. ഓരോ നിയമവും നൽകുന്ന സംരക്ഷണം, ജീവനക്കാർക്ക് ലഭിക്കുന്നുണ്ടോ എന്നത് തൊഴിൽ വകുപ്പ് ഉറപ്പു വരുത്തുന്നുണ്ട്. മേൽ സാഹചര്യത്തിൽ ഐ.ടി.മേഖലയ്ക്കായി പ്രത്യേക നിയമ നിർമ്മാണത്തിന്റെ ആവശ്യകത നിലവിൽ ഇല്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ